## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5300

23/05/2017-ൽ മറുപടിയ്ക്ക്

## കിഴുവിലം പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ജിംനേഷ്യം

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചിറയിൻകീഴ് താലൂക്കിലെ കിഴുവിലം പഞ്ചായത്ത് ഒന്നാം വാർഡിലെ സാംസ്കാരിക നിലയത്തിൽ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; ആരാണ് അത് പ്രവർത്തിപ്പിക്കുന്നത്; വാടക ഈടാക്കുന്നുണ്ടോ; | (എ) | കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡായ പുരവൂരിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പഞ്ചായത്തിന്റെ സാംസ്കാരിക നിലയം പ്രവർത്തിക്കുന്നു. ഇവിടെ പഞ്ചായത്തിൽ നിന്നും ദിവസേന നാല് ദിനപത്രങ്ങൾ നൽകി വരുന്നു. നാട്ടുകാർ പത്രപാരായണത്തിനുവേണ്ടി ഈ കേന്ദ്രം വിനിയോഗിക്കുന്നുണ്ട്. ഈ കെട്ടിടത്തിന് മുകളിൽ രണ്ടാമത് പ്രത്യേകം കെട്ടി ഉണ്ടാക്കിയ ഹാളിൽ പഞ്ചായത്ത് 2006/07 വാർഷിക പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് യുവജനങ്ങളുടെ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നത്. ഇവിടെ പ്രത്യേക വാടകയോ വരിസംഖ്യയോ ഈടാക്കുന്നില്ല. യുവജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടി സൗജന്യമായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. |
| (ബി) | സാംസ്കാരിക നിലയത്തിൽ ജിംനേഷ്യം നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വ്യവസ്ഥകൾ പ്രകാരം; പ്രവർത്തന സമയം ക്രമീകരിച്ചിട്ടുണ്ടോ; | (ബി) | സാംസ്കാരിക നിലയത്തിന്റെ മുകളിലത്തെ ഹാളിൽ പഞ്ചായത്ത് ഹെൽത്ത് ക്ലബ് നടത്തുന്നുണ്ട്, യുവജനങ്ങൾക്ക് സൗജന്യമായാണ് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഹെൽത്ത് ക്ലബിന് പകൽ സമയം (രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ) മാത്രമാണ് പ്രവർത്തനാനുമതി. |

| | | | |
|---|---|---|---|
| (സി) | ഇവിടെ രാപകലെന്യേ നടക്കുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ ക്കുറിച്ച് പോലീസിൽ പരാതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പരിസരവാസികൾക്കാകെ ഭീഷണി യായ ഈ നിലയം പഞ്ചായത്ത് ഏറ്റെടുത്ത് നാട്ടുകാരുടെ സ്വൈര്യ ജീവിതം ഉറപ്പുവരുത്താനും അതിനെ ഉപകാരപ്രദമായ ആവശ്യത്തിന് ഉപയോഗപ്പെടുത്താനും നടപടി സ്വീകരിക്കുമോ? | (ഡി) | പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പറും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അന്വേഷണം നടത്തുകയും വൈകീട്ട് ആറ് മണിക്ക് ശേഷവും ഹെൽത്ത് ക്ലബ് പ്രവർത്തിക്കാറുണ്ടെന്ന് സ്ഥലവാസികൾ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ, ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്ന മുകളിലത്തെ ഹാൾ താൽക്കാലികമായി പൂട്ടിയിട്ടുണ്ട്. ഉടൻ തന്നെ ബന്ധപ്പെട്ടവരുടെയും സ്ഥലവാസികളുടെയും ഒരു യോഗം വിളിച്ച് ചേർത്ത് ഹെൽത്ത് ക്ലബിന്റെ നടത്തിപ്പിന് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും, സമയക്ലിപ്തത ഉറപ്പ വരുത്തിയ ശേഷം മാത്രം ഹെൽത്ത് ക്ലബ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്. കൂടാതെ ടി കെട്ടിടത്തിലെ താഴത്തെ നിലയിൽ ഒന്നാം വാർഡിലെ സേവാഗ്രാം (ഗ്രാമകേന്ദ്രം) ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ